ഇന്റീരിയർ ആയാലും എക്സ്റ്റീരിയർ ആയാലും, ടെക്സ്ച്യുറ എപ്പോഴും മേൽത്തരം!

താങ്ങാവുന്ന വില | നിരവധി വർണ്ണങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം | ഒട്ടേറെ ഡിസൈനുകൾ

20kg-യിലും 25kg-യിലും ലഭ്യമാണ്

ട്രോവൽ ഫിനിഷ്

റസ്റ്റിക് ഫിനിഷ് എന്നും അറിയപ്പെടുന്ന ബിർള വൈറ്റ് ടെക്സ്ചർ ട്രോവൽ ഫിനിഷ്, പുറം ഭിത്തികൾക്ക് അനുയോജ്യമായ ഒരു പരുക്കൻ ഫിനിഷാണ്. അതിൽ അടങ്ങിയിരിക്കുന്ന പ്രത്യേക ഘടകങ്ങൾ, കാലാവസ്ഥയുടെ പ്രതികൂല ഫലങ്ങളിൽ നിന്ന് അതിനെ സുരക്ഷിതമായി നിലനിർത്തുന്നു. നിങ്ങളുടെ വീടിന് നിങ്ങൾ സൗകര്യപ്രദമായി ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു അന്തർദേശീയ ആകർഷണം നൽകുന്നതിന്, വൈവിദ്ധ്യമാർന്ന ഷേഡുകളിൽ നിന്നും ടെക്സ്ചറുകളിൽ നിന്നും നിങ്ങൾക്ക് തിരഞ്ഞെടുക്കാം. ട്രോവൽ ഫിനിഷ് സിമന്റ് പ്ലാസ്റ്ററിലും, ഫോം ഫിനിഷ് കോൺക്രീറ്റിലും മറ്റും പ്രയോഗിക്കാവുന്നതും ജലത്തെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ളതിനാൽ നനവുള്ള പ്രതലത്തിൽപ്പോലും പ്രയോഗിക്കാം. ഇത് ഒട്ടിപ്പിടിക്കുന്നതിനുള്ള ശക്തി വർദ്ധിപ്പിക്കുകയും സിമൻറ് അടിസ്ഥാന ഘടകമാണെങ്കിൽക്കൂടിയും ക്യൂറിംഗ് കൂടാതെ തന്നെ മികച്ച ഫലം നൽകുകയും ചെയ്യുന്നു. നിങ്ങളുടെ പുറം ഭിത്തികൾക്ക് ഉത്തമമായ ഒരു ഫിനിഷ് നിങ്ങൾക്ക് ലഭിക്കുന്നു.

സാങ്കേതിക പ്രവർത്തന ഘടകങ്ങൾ

ക്രമ നമ്പർ	സാങ്കേതിക പ്രവർത്തന ഘടകങ്ങൾ	ഘടനാപര സമ്പൂർണ്ണ വിശദാംശങ്ങൾ	ടെസ്റ്റ് രീതി
1	*വ്യാപനം (Sq.m/kg/coat) [അനുയോജ്യമായ മിനുസമുള്ള പ്രതലത്തിൽ]	0.33-0.42	ഇൻ ഹൗസ്
2	പോട്ട് ലൈഫ് (മണിക്കൂറുകൾ)	1.5 - 2.0	ഇൻ ഹൗസ്
3	ടെൻസൈൽ ശക്തി @28 ദിവസം (N/mm2)	≥0.5	EN 1348
4	വാട്ടർ കാപ്പിലറി ആഗിരണം (മില്ലി), 30 മിനിറ്റ് @28 ദിവസം	≤0.60	കാർസ്റ്റൺ ട്യൂബ്
5	ബൾക്ക് ഡെൻസിറ്റി (g/cm3)	1.3 - 1.7	ഇൻ ഹൗസ്

* ഈ മൂല്യം ലഭിക്കുക മിനുസമുള്ള പ്രതലത്തിലാണ്; എന്നിരുന്നാലും ഇത് ഉപരിതല ഘടന അനുസരിച്ച് മാറിയേക്കാം.

പ്രയോഗിക്കേണ്ട നടപടിക്രമം:

1. ഉപരിതലം തയ്യാറാക്കൽ:

- അനുയോജ്യമായ എമറി പേപ്പർ, പുട്ടി ബ്ലേഡ് അല്ലെങ്കിൽ വയർ ബ്രഷ് തുടങ്ങിയവ ഉപയോഗിച്ച് ഉപരിതലത്തിൽ നിന്ന് അഴുക്കും പൊടിയും എണ്ണയും പോലെ ഇളകിക്കിടക്കുന്ന പദാർത്ഥങ്ങളെല്ലാം നീക്കം ചെയ്യുക.
- ട്രോവൽ ഫിനിഷ് പ്രയോഗിക്കുന്നതിന് മുൻപായി, ദ്വാരങ്ങൾ, കുഴികൾ, വിള്ളലുകൾ തുടങ്ങിയവ പോലെയുള്ള, പ്രതലത്തിലെ കേടുപാടുകൾ നികത്തിയെടുക്കണം.

2. പ്രതലം മുൻകൂട്ടി നനയ്ക്കൽ:

കോൺക്രീറ്റ്/പ്ലാസ്റ്റർ പ്രതലത്തിൽ 'ട്രോവൽ ഫിനിഷ്'' പ്രയോഗിക്കുന്നതിന് മുൻപായി, ഏറ്റവും മികച്ച നിലവാരത്തിലുള്ള മിനുസവും വർക്കബിലിറ്റിയും വ്യാപനവും ഉപയോഗിച്ചിരിക്കുന്ന സബ്സ്ട്രേറ്റിനൊപ്പം ഒട്ടിപ്പിടിച്ചിരിക്കുന്നതിനുള്ള ഉയർന്ന ശേഷിയും ലഭിക്കുന്നതിന് വേണ്ടി മുൻകൂട്ടി നനയ്ക്കേണ്ടത് പ്രധാനമാണ്.

a. മിക്സിംഗ് അനുപാതം:

കൂടുതൽ വ്യാപനവും എല്ലായിടത്തും സമമായ രീതിയിൽ മിനുസമാർന്ന ഷേഡും ലഭിക്കുന്നതിനായി, ഒരേ പോലെയുള്ള ഒരു പേസ്റ്റ് രൂപപ്പെടുന്നതിന് വേണ്ടി 22 മുതൽ 25% വരെ ശുദ്ധജലം കലർത്തുക. വെള്ളത്തിൽ മിശ്രണം ചെയ്ത ശേഷം 1-2 മണിക്കൂറിനുള്ളിൽ ഉപയോഗിക്കാവുന്ന ഒരു അളവ് മാത്രം തയ്യാറാക്കുക.

b. പ്രയോഗിക്കേണ്ട നടപടിക്രമം

- മെറ്റീരിയൽ 2-3 മില്ലീമീറ്റർ കനത്തിൽ പ്രയോഗിക്കുക, ഒരേ പോലെയുള്ള ഒരു പ്രതലം ലഭിക്കുന്നിന് അധികമുള്ള മെറ്റീരിയൽ നീക്കം ചെയ്യുക.
- പ്രതലം 5-10 മിനിറ്റ് ഉണങ്ങുന്നതിന് അനുവദിക്കുക.
- ഡിസൈനുകൾ നിർമ്മിക്കാൻ ഫൈബർ ട്രോവൽ ഉപയോഗിക്കുക.

പ്രയോഗിക്കേണ്ട നടപടിക്രമം:

ഡിസൈനുകൾ നിർമ്മിക്കാൻ ഫൈബർ ട്രോവൽ ഉപയോഗിക്കുക.





വെർട്ടിക്കൽ ടെക്സ്ച്വേർഡ് ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ മുകളിൽ നിന്ന് താഴേക്ക് ലംബമായി നീക്കുക.

വെർട്ടിക്കൽ ഫിനിഷ്
BWTF1001



ക്രോസ് ടെക്സ്ച്വേർഡ് ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ കോണാടുകോണായി വലത്തുനിന്ന് ഇടത്തോട്ടും കോണാടുകോണായി ഇടത്തുനിന്ന് വലത്തോട്ടും നീക്കുക.

ക്രോസ് ഫിനിഷ്
BWTF1002





പ്ലസ് മൈനസ് ടെക്സ്ച്വേർഡ് ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ ലംബമായി മുകളിൽ നിന്ന് താഴേക്കും തിരശ്ചീനമായി ഇടത്തുനിന്ന് വലത്തോട്ടും നീക്കുക.

പ്ലസ്-മൈനസ് ഫിനിഷ്
BWTF1003

റെയിൻ ഫാൾ ടെക്സ്ചേർഡ് ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ കോണാടുകോണായി മുകളിൽ നിന്ന് താഴേക്ക് ഇടത്തുനിന്ന് വലത്തോട്ട് എന്ന ക്രമത്തിൽ നീക്കുക.

റെയിൻ ഫാൾ ഫിനിഷ്
BWTF1004





ഹൊറിസോണ്ടൽ ടെക്സ്ചേർഡ് ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ ലംബമായി വലത്തുനിന്ന് ഇടത്തോട്ടോ ഇടത്തുനിന്ന് വലത്തോട്ടോ നീക്കുക.

ഹൊറിസോണ്ടൽ ഫിനിഷ്
BWTF1005

സ്വേർലി ഫിനിഷ് ലഭിക്കുന്നതിന്, ഫൈബർ ട്രോവൽ ഒരു ക്രമമില്ലാത്ത ഒരു വൃത്താകൃതിയിലോ നീർച്ചുഴിയുടെ രൂപത്തിലോ നീക്കുക.

സ്വേർലി ഫിനിഷ്
BWTF1006

- പെയിന്റ്/ഡിസ്റ്റമ്പർ പ്രയോഗിക്കുന്നതിന് 10-12 മണിക്കൂർ മുൻപ് പ്രതലം ഉണങ്ങുന്നതിന് അനുവദിക്കുക.
- മുകളിലെ ചിത്രങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ പെയിന്റിന്റെ നിറങ്ങൾ പ്രയോഗിക്കുക അല്ലെങ്കിൽ അന്തിമ ഫിനിഷിംഗ് ലഭിക്കുന്നതിന് നിങ്ങളുടെ മനസ്സിനിണങ്ങുന്ന ഏതെങ്കിലും ഒരു നിറം തിരഞ്ഞെടുക്കുക.

റോളർ/സ്പ്രേ ഫിനിഷ്

ബിർള വൈറ്റ് ടെക്സ്ച്യുറ സ്പ്രേ/റോളർ ഫിനിഷ് ഇന്റീരിയറുകൾക്ക് അനുയോജ്യമായ, വർണ്ണനാതീതമായതും അതേ സമയം തന്നെ ചാരുത നിറഞ്ഞതുമായ ഒരു ഫിനിഷാണ്. മുഴുവൻ മുറിയും ആകർഷകമായ ഒരു പെയിന്റിംഗിന്റെ എല്ലാ മനോഹാരിതയും പകരുന്ന ഒരു തലത്തിൽ, ഇത് നിങ്ങളുടെ ഭിത്തികളെ ഏറെ വിശിഷ്ടമാക്കുന്നു. നിങ്ങളുടെ ഇന്റീരിയറിന് നിങ്ങൾ ആഗ്രഹിക്കുന്ന ഏത് രൂപവും നൽകാനായി, നിങ്ങൾക്ക് ഇത് വൈവിദ്ധ്യമാർന്ന നിറങ്ങളിലും ഷേഡുകളിലും സൂപ്പർ സ്മൂത്ത് ഫിനിഷിലും ഉപയോഗിക്കാം. നനവുള്ള പ്രതലത്തിൽപ്പോലും ഫിനിഷ് പ്രയോഗിക്കാം. ഒപ്പം, അക്രിലിക് അടിസ്ഥാന ഘടകമായുള്ള മറ്റ് ഉൽപ്പന്നങ്ങളിൽ നിന്ന് വ്യത്യസ്തമായി, റോളർ ഫിനിഷിന് വിവിധ കാലാവസ്ഥാ പ്രഭാവങ്ങളെ പ്രതിരോധിക്കുന്നതിനായി അധികമായി ഒട്ടിപ്പിടിക്കുന്നതിനുള്ള ശേഷിയുണ്ട്. കൂടാതെ, സിമന്റ് അടിസ്ഥാന ഘടകമാണെങ്കിൽക്കൂടിയും ക്യൂറിംഗ് കൂടാതെ തന്നെ മികച്ച ഫലം നൽകുകയും ചെയ്യുന്നു.

സാങ്കേതിക പ്രവർത്തന ഘടകങ്ങൾ

ക്രമ നമ്പർ	സാങ്കേതിക പ്രവർത്തന ഘടകങ്ങൾ	ഘടനാപര സമ്പൂർണ്ണ വിശദാംശങ്ങൾ	ടെസ്റ്റ് രീതി
1	*വ്യാപനം (Sq.m/kg/coat) [അനുയോജ്യമായ മിനുസമുള്ള പ്രതലത്തിൽ]	ഡിസൈനർ റോളർ ഫിനിഷ്: 0.56-0.3 സ്പോഞ്ച് റോളർ ഫിനിഷ്: 0.74-1.1 സ്പ്രേ ഫിനിഷ്: 1.34-1.86	ഇൻ ഹൗസ്
2	പോട്ട് ലൈഫ് (മണിക്കൂറുകൾ)	1.5 - 2.0	ഇൻ ഹൗസ്
3	ടെൻസൈൽ ശക്തി @28 ദിവസം (N/mm2)	≥0.5	EN 1348
4	വാട്ടർ കാപ്പിലറി ആഗിരണം (മില്ലി), 30 മിനിറ്റ് @28 ദിവസം	≤0.60	കാർസ്റ്റൺ ട്യൂബ്
5	ബൾക്ക് ഡെൻസിറ്റി (g/cm3)	0.9 - 1.1	ഇൻ ഹൗസ്

* ഈ മൂല്യം ലഭിക്കുക മിനുസമുള്ള പ്രതലത്തിലാണ്; എന്നിരുന്നാലും ഇത് ഉപരിതല ഘടന അനുസരിച്ച് മാറിയേക്കാം.

പ്രയോഗിക്കേണ്ട നടപടിക്രമം:

1. ഉപരിതലം തയ്യാറാക്കൽ:

- അനുയോജ്യമായ എമറി പേപ്പർ, പുട്ടി ബ്ലേഡ് അല്ലെങ്കിൽ വയർ ബ്രഷ് തുടങ്ങിയവ ഉപയോഗിച്ച് ഉപരിതലത്തിൽ നിന്ന് അഴുക്കും പൊടിയും എണ്ണയും പോലെ ഇളകിക്കിടക്കുന്ന പദാർത്ഥങ്ങളെല്ലാം നീക്കം ചെയ്യുക.
- ടെക്സ്ച്യുറ റോളർ/സ്പ്രേ ഫിനിഷ് പ്രയോഗിക്കുന്നതിന് മുൻപായി, ദ്വാരങ്ങൾ, കുഴികൾ, വിള്ളലുകൾ തുടങ്ങിയവ പോലെയുള്ള, പ്രതലത്തിലെ കേടുപാടുകൾ നികത്തിയെടുക്കണം.

2. പ്രതലം മുൻകൂട്ടി നനയ്ക്കൽ:

കോൺക്രീറ്റ്/പ്ലാസ്റ്റർ പ്രതലത്തിൽ ''ടെക്സ്ച്യുറ റോളർ ഫിനിഷ്'' പ്രയോഗിക്കുന്നതിന് മുൻപായി, ഏറ്റവും മികച്ച നിലവാരത്തിലുള്ള മിനുസവും വർക്കബിലിറ്റിയും വ്യാപനവും ഉപയോഗിച്ചിരിക്കുന്ന സബ്സ്ട്രേറ്റിനൊപ്പം ഒട്ടിപ്പിടിച്ചിരിക്കുന്നതിനുള്ള ഉയർന്ന ശേഷിയും ലഭിക്കുന്നതിന് വേണ്ടി മുൻകൂട്ടി നനയ്ക്കേണ്ടത് പ്രധാനമാണ്.

3. ''ടെക്സ്ച്യുറ റോളർ ഫിനിഷിന്റെയും സ്പ്രേ ഫിനിഷിന്റെയും'' മിശ്രണം

കൂടുതൽ വ്യാപനവും എല്ലായിടത്തും സമമായ രീതിയിൽ മിനുസമാർന്ന ഷേഡും ലഭിക്കുന്നതിന് ഒരേ പോലെയുള്ള ഒരു പേസ്റ്റ് രൂപപ്പെടുന്നതിന് വേണ്ടി, വ്യത്യസ്ത ഫിനിഷിനായി നൽകിയിരിക്കുന്ന ജല അനുപാതം അനുസരിച്ച്, ടെക്സ്ച്യുറ-ആർഎഫ് നന്നായി മിശ്രണം ചെയ്യുക. മിശ്രണം ചെയ്ത ശേഷം 1-2 മണിക്കൂറിനുള്ളിൽ ഉപയോഗിക്കാവുന്ന ഒരു അളവ് മാത്രം തയ്യാറാക്കുക.

സ്പോഞ്ച് റോളർ:

ഹണികോംബ് ഫിനിഷ്
BWRF3004



- **40-45% വെള്ളം ചേർക്കുക.**
- **40-45% എന്ന ഒരു ജല അനുപാതത്തിൽ, ഒരേ പോലെയുള്ള ഒരു പേസ്റ്റ് രൂപപ്പെടുന്നതിന് വേണ്ടി, ടെക്സ്ച്യുറ-ആർഎഫ് നന്നായി മിശ്രണം ചെയ്യുക. ഇത് കൂടുതൽ വ്യാപനവും എല്ലായിടത്തും സമമായ രീതിയിൽ മിനുസമാർന്ന ഷേഡും ലഭിക്കുന്നതിന് സഹായിക്കുന്നു.**
- **ശുദ്ധമായ വെള്ളത്തിൽ സ്പോഞ്ച് റോളർ നനച്ചതിന് ശേഷം, തയ്യാറാക്കിയ പേസ്റ്റിൽ മുക്കി മനസ്സിനിണങ്ങുന്ന പാറ്റേൺ ലഭിക്കുന്നതിന് പ്രതലത്തിൽ നേരിട്ട് ഭിത്തിയിൽ പുരട്ടുക.**
- **പ്രതീക്ഷിക്കുന്ന ഡിസൈൻ പാറ്റേൺ ലഭിക്കുന്നതിന്, തയ്യാറാക്കിയിട്ടുള്ള പ്രതലത്തിൽ സ്പോഞ്ച് റോളർ നേരിട്ട് ആവർത്തിച്ച് പുരട്ടുക.**
- **പെയിന്റ്/ഡിസ്റ്റംപർ പ്രയോഗിക്കുന്നതിന് 10-12 മണിക്കൂർ മുൻപായി പ്രതലം ഉണങ്ങുന്നതിന് അനുവദിക്കുക.**
- **അന്തിമ ഫിനിഷിംഗ് ലഭിക്കുന്നതിന് ഓഫ് വൈറ്റ് പെയിന്റ് (ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ) അല്ലെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും പെയിന്റ് പുരട്ടുക.**



ഡിസൈനർ റബ്ബർ റോളർ:



അലിഗേറ്റർ ഫിനിഷ്
BWRF3001

സീംലെസ് സർക്കിൾ ഫിനിഷ്
BWRF3002

വുഡ് ഗ്രെയ്ൻ ഫിനിഷ്
BWRF3003

- 32-36% എന്ന ഒരു ജല അനുപാതത്തിൽ, ഒരേ പോലെയുള്ള ഒരു പേസ്റ്റ് രൂപപ്പെടുന്നതിന് വേണ്ടി, ടെക്സ്ച്യുറ-ആർഎഫ് നന്നായി മിശ്രണം ചെയ്യുക. ഇത് കൂടുതൽ വ്യാപനവും എല്ലായിടത്തും സമമായ രീതിയിൽ മിനുസമാർന്ന ഷേഡും ലഭിക്കുന്നതിന് സഹായിക്കുന്നു.
- റോളറിനെ ആശ്രയിച്ച്, തയ്യാറാക്കിയ പ്രതലത്തിൽ ട്രോവൽ ഉപയോഗിച്ച് 1-3 മില്ലീമീറ്റർ കട്ടിയുള്ള മെറ്റീരിയൽ പ്രയോഗിക്കുക.
- ഒരേ പോലെയുള്ള പ്രതലവും ഡിസൈൻ മികച്ച രീതിയിൽ ദൃശ്യമാകുന്നതിനും വേണ്ടി, ട്രോവൽ ഉപയോഗിച്ച് പ്രയോഗിച്ച മെറ്റീരിയലിന് സമനിരപ്പ് നൽകുക.
- റോളറിന്റെ സുഗമമായ ചലനത്തിനായി പ്രതലം കുറഞ്ഞത് 5-10 മിനിറ്റെങ്കിലും ഉണങ്ങാൻ അനുവദിക്കുക (പകുതിയോളം ഉണങ്ങിയ നിലയിൽ).
- ഡിസൈനർ റോളർ ശുദ്ധമായ വെള്ളത്തിൽ നനച്ച്, ആഗ്രഹിക്കുന്ന ഡിസൈൻ അനുസരിച്ച് പ്രയോഗിച്ച പ്രതലത്തിൽ ഉപയോഗിക്കുക.
- സീംലെസ് സർക്കിൾ റോളർ, വുഡ്ഗ്രെയിൻ ഫിനിഷ് റോളർ, അലിഗേറ്റർ ഫിനിഷ് റോളർ (ചിത്രങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ) അല്ലെങ്കിൽ വിപണിയിൽ ലഭ്യമായ മറ്റേതെങ്കിലും മനസ്സിനിണങ്ങുന്ന ഡിസൈനർ റോളർ തിരഞ്ഞെടുക്കുക.
- പെയിന്റ്/ഡിസ്റ്റംപർ പ്രയോഗിക്കുന്നതിന് 10-12 മണിക്കൂർ മുൻപായി പ്രതലം ഉണങ്ങുന്നതിന് അനുവദിക്കുക.
- അന്തിമ ഫിനിഷിംഗ് ലഭിക്കുന്നതിന് പെയിന്റിന്റെ നിങ്ങൾക്ക് മനസ്സിനിണങ്ങുന്ന ഏതെങ്കിലും നിറം പ്രയോഗിക്കുക.

സ്പ്രേ ഫിനിഷ്



ബബിൾ സ്പ്രേ ഫിനിഷ്
BWSF2001

- ബ്രഷ് അല്ലെങ്കിൽ ഫ്ലാറ്റ് റോളർ ഉപയോഗിച്ച് ബിർള വൈറ്റ് പ്രൈമർ 1 കോട്ട് പ്രയോഗിക്കുക.
- ഒരു ബേസ് കോട്ടായി ഏതെങ്കിലും കളർ സ്റ്റെയിനർ (ചിത്രത്തിലെ നീല പെയിന്റ് പോലുള്ളവ) ഉപയോഗിച്ച് ബ്രഷ് അല്ലെങ്കിൽ റോളർ ഉപയോഗിച്ച് പ്രൈമറിന് മുകളിൽ ടെക്സ്ച്യുറ ആർഎഫ് മെറ്റീരിയൽ (45-50% വെള്ളത്തിൽ മിശ്രണം ചെയ്യുക) 1 കോട്ട് പ്രയോഗിക്കുക.
- ബേസ് കോട്ട് പ്രതലം 3-4 മണിക്കൂർ ഉണങ്ങുന്നതിന് അനുവദിക്കുക.
- 42-50% വെള്ളം ചേർത്ത് ബിർള വൈറ്റ് സ്പ്രേ ഫിനിഷ് ടെക്സ്ച്യുറ മെറ്റീരിയൽ തയ്യാറാക്കുകയും തയ്യാറാക്കിയിട്ടുള്ള മെറ്റീരിയലിലേക്ക് ഉപയോക്താവിന്റെ ഇഷ്ടം അനുസരിച്ച് (ചിത്രത്തിൽ കാണിച്ചിരിക്കുന്ന മഞ്ഞ പെയിന്റ് പോലെയുള്ളവ) കളർ സ്റ്റൈയിനർ ആവശ്യമായ അളവിൽ ചേർക്കുകയും (ഒരേ ഘടനയുള്ള ദ്രാവകങ്ങൾ മാത്രം ചേർക്കുക) ചെയ്യുക.
- ഒരേ ഘടനയുള്ള ദ്രാവകങ്ങൾ മാത്രം ചേർത്ത് മിശ്രണം ചെയ്ത ശേഷം, എല്ലായിടത്തും ഒരേ പോലെയുള്ളതും ആഗ്രഹിക്കുന്നതുമായ ഡിസൈൻ കൈവരിക്കുന്നതിനായി, മുകളിൽ നിന്ന് താഴേക്ക് എയർലെസ് സ്പ്രേ ഗൺ ഉപയോഗിച്ച് പ്രതലത്തിൽ മെറ്റീരിയൽ പ്രയോഗിക്കുക.
- പ്രതലം 10-12 മണിക്കൂർ ഉണങ്ങുന്നതിന് അനുവദിക്കുക.
- ഉൽപ്പന്നത്തിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും മികച്ച തിളക്കം ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള കേടുപാടുകളിൽ നിന്ന് ദീർഘകാല സംരക്ഷണം കൈവരിക്കുന്നതിനും വേണ്ടി ഒരു കോട്ട് സുതാര്യ സിലിക്കൺ കോട്ടിംഗ് (പ്രൊട്ടക്ഷൻ കോട്ട്) പ്രയോഗിക്കാൻ കഴിയും.

ഓറഞ്ച് പീൽ ഫിനിഷ്
BWSF2002

- ബ്രഷ് അല്ലെങ്കിൽ ഫ്ലാറ്റ് റോളർ ഉപയോഗിച്ച് ബിർള വൈറ്റ് പ്രൈമർ 1 കോട്ട് പ്രയോഗിക്കുക.
- 1 കോട്ട് ടെക്സ്ച്യുറ ആർഎഫ് മെറ്റീരിയൽ (45-50% വെള്ളത്തിൽ കലർത്തുക) ബ്രഷ് അല്ലെങ്കിൽ റോളർ ഉപയോഗിച്ച് പ്രയോഗിക്കുക.
- ബേസ് കോട്ട് പ്രതലം 3-4 മണിക്കൂർ ഉണങ്ങുന്നതിന് അനുവദിക്കുക.
- 42-50% വെള്ളം ചേർത്ത് ബിർള വൈറ്റ് സ്പ്രേ ഫിനിഷ് ടെക്സ്ച്യുറ മെറ്റീരിയൽ തയ്യാറാക്കുക.
- ഒരേ ഘടനയുള്ള ദ്രാവകങ്ങൾ മാത്രം ചേർത്ത് മിശ്രണം ചെയ്ത ശേഷം, എല്ലായിടത്തും ഒരേ പോലെയുള്ളതും ആഗ്രഹിക്കുന്നതുമായ ഡിസൈൻ (ഒരു ബബിൾ രൂപത്തിൽ) കൈവരിക്കുന്നതിനായി, മുകളിൽ നിന്ന് താഴേക്ക് എയർലെസ് സ്പ്രേ ഗൺ ഉപയോഗിച്ച് പ്രതലത്തിൽ മെറ്റീരിയൽ പ്രയോഗിക്കുക.
- ഓറഞ്ച് പീൽ ഫിനിഷ് ലഭിക്കുന്നതിനായി, പ്രയോഗിച്ച ബബിളിന് മുകളിൽ ട്രോവൽ ഉപയോഗിച്ച് അമർത്തുക
- പെയിന്റ് അല്ലെങ്കിൽ ഡിസ്റ്റംപർ പ്രയോഗിക്കുന്നതിന് 10-12 മണിക്കൂർ മുൻപായി പ്രതലം ഉണങ്ങുന്നതിന് അനുവദിക്കുക
- അന്തിമ ഫിനിഷിംഗ് ലഭിക്കുന്നതിനായി, പ്രതലത്തിൽ ഒരു മെറ്റാലിക് സിൽവർ കളർ (ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ) പെയിന്റ് അല്ലെങ്കിൽ മനസ്സിനിണങ്ങുന്ന ഏതെങ്കിലും നിറം പ്രയോഗിക്കുക.
- ഉൽപ്പന്നത്തിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും മികച്ച തിളക്കം ലഭിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള കേടുപാടുകളിൽ നിന്ന് ദീർഘകാല സംരക്ഷണം കൈവരിക്കുന്നതിനും വേണ്ടി ഒരു കോട്ട് സുതാര്യ സിലിക്കൺ കോട്ടിംഗ് (പ്രൊട്ടക്ഷൻ കോട്ട്) പ്രയോഗിക്കാൻ കഴിയും.

മുൻകരുതലുകൾ:

- തകരാറില്ലാത്തതും വൃത്തിയുള്ളതും ഉണങ്ങിയതും അടർന്നിരിക്കുന്ന കഷ്ണങ്ങൾ/ചെളി ഇല്ലാത്തതുമായ പ്രതലങ്ങളിൽ മാത്രം ഉപയോഗിക്കുക. അല്ലാത്തപക്ഷം, അത് ഈ ഉൽപ്പന്നത്തിന്റെ ഉപരിതലവുമായി ഒട്ടിച്ചേരുന്നതിനുള്ള കഴിവിനെ ബാധിച്ചേക്കാം. ഉയർന്ന അളവിൽ ഈർപ്പം അല്ലെങ്കിൽ ഉയർന്ന ട്രാഫിക് പ്രദേശങ്ങളിൽ സിമന്റ് അടിസ്ഥാനമായുള്ള സീലർ ഉപയോഗിക്കുന്നതിന് ശുപാർശ ചെയ്യുന്നു.
- ബാഗിൽ നിന്ന് ടെക്ച്യുറ മെറ്റീരിയൽ എടുക്കുന്നതിന് മുമ്പ് എപ്പോഴും ബാഗ് നന്നായി കുലുക്കുക.
- മെറ്റീരിയൽ വേഗത്തിൽ ഉണങ്ങിപ്പോകാതിരിക്കുന്നതിന് വേണ്ടി, പ്രയോഗിക്കുന്നതിന് മുൻപ് നനയ്ക്കേണ്ടത് നിർബന്ധിതമാണ്.
- അന്തരീക്ഷ ഊഷ്മാവ് 10° C-ൽ കുറവായിരിക്കുമ്പോഴോ അല്ലെങ്കിൽ പ്രയോഗിച്ചതിന് ശേഷമുള്ള 4 മണിക്കൂറിനുള്ളിൽ താപനില ഈ നിലയിലേക്ക് താഴുമെന്ന് പ്രതീക്ഷിക്കുമ്പോഴോ പ്രയോഗിക്കരുത്.
- നേർപ്പിക്കുന്നത് ശുപാർശ ചെയ്യപ്പെടുന്നില്ല. 60 മിനിറ്റിനുള്ളിൽ ഉപയോഗിക്കാവുന്ന വിധത്തിൽ ആവശ്യമായ അളവിൽ മാത്രം മിശ്രിതം തയ്യാറാക്കണം.
- മെറ്റീരിയൽ വളരെക്കാലം തുറന്ന നിലയിൽ സൂക്ഷിക്കരുത്.
- തുടർച്ചയായ ചോർച്ചയ്ക്കോ ഈർപ്പത്തിനോ വിധേയമാകുന്ന പ്രതലങ്ങളിൽ/അടിപ്പാളികളിൽ ഉൽപ്പന്നം പ്രയോഗിക്കുവാൻ കഴിയില്ല.
- ഉപയോഗിക്കുന്നതിന് മുൻപായി നന്നായി ഇളക്കുക.

സുരക്ഷാ നടപടികൾ:

- ബിർള വൈറ്റ് ടെക്സ്ച്യുറ-ടിഎഫ്, ടെക്സ്ച്യുറ ആർഎഫ്/എസ്എഫ് പാക്ക് എന്നിവ നനവില്ലാത്ത സ്ഥലത്തും കുട്ടികൾക്ക് എടുക്കാൻ കഴിയാത്ത സ്ഥലത്തും സൂക്ഷിക്കുക.
- വിഴുങ്ങിയാൽ ഹാനികരമായേക്കാം. കഴിച്ചാൽ ഉടൻ വൈദ്യസഹായം തേടുക. ആപ്ലിക്കേഷൻ സമയത്ത് കണ്ണുകൾക്ക് സംരക്ഷണം നൽകുന്ന ഉപകരണങ്ങൾ ധരിക്കുക.
- കണ്ണുകളുമായി സമ്പർക്കം പുലർത്തുന്ന സാഹചര്യത്തിൽ, ധാരാളം വെള്ളം ഉപയോഗിച്ച് ഉടൻ കഴുകി വൈദ്യോപദേശം തേടുക. ചർമ്മവുമായി സമ്പർക്കമുണ്ടായാൽ, ഉടൻ തന്നെ സോപ്പും ഏറെ വെള്ളവും ഉപയോഗിച്ച് ചർമ്മം കഴുകുക.
- ചൊറിച്ചിൽ ഉണ്ടാകുന്നുവെങ്കിലോ തുടരുന്നുവെങ്കിലോ വൈദ്യസഹായം തേടുക. നീരാവി അല്ലെങ്കിൽ സ്പ്രേ ശ്വസിക്കരുത്.
- പൊടി ശ്വസിക്കുന്നത് ഒഴിവാക്കുന്നതിന്, സാൻഡ് ചെയ്യുമ്പോഴും പ്രതലം തയ്യാറാക്കുമ്പോഴും നാസികയെ സംരക്ഷിക്കുന്ന അനുയോജ്യമായ പാഡ് ധരിക്കുവാൻ ശുപാർശ ചെയ്യുന്നു.

ബിർള വൈറ്റ്-അൾട്രാടെക് സിമന്റ് ലിമിറ്റഡിന്റെ ഒരു യൂണിറ്റ്

ഒമ്പതാം നില, ബിർള സെഞ്ചൂറിയൻ, പാണ്ഡുരംഗ് ബുദ്ധ്കർ മാർഗ്, വർളി, മുംബൈ – 400030

ടെലിഫോൺ ബോർഡ് നമ്പറുകൾ : 022- 68540444 / 50365111

വെബ്സൈറ്റ് : www.birlawhite.com | ടോൾ ഫ്രീ നമ്പർ. 1800 11 1717

www.facebook.com/BirlaWhiteCement | twitter.com/BirlaWhite

ഇവിടെ സ്കാൻ ചെയ്യുക